വനംവകുപ്പിന്റെ കീഴിലുള്ള സ്ട്രോംഗ് റൂമുകൾ

107 (1162) ശ്രീമതി രാധാരാഘവൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി. ജെ. ജോയി :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനംവകുപ്പിന്റെ കീഴിൽ എത്ര സ്ട്രോംഗ് റൂമുകൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ ഏതെല്ലാം സ്ട്രോംഗ് റൂമുകളിൽ നിന്നും വനവിഭവങ്ങൾ മോഷണം പോയിട്ടുണ്ട് ;

(സി) പ്രസ്തുത മോഷണങ്ങൾമൂലം എത്ര കേസ്സിന്റെ തൊണ്ടി സാധനങ്ങൾ നഷ്ടപ്പെടുകയുണ്ടായി ;

(ഡി) ഇത്തരത്തിൽ മോഷണംപോയ സാധനങ്ങളുടെ വിലയെത്തുവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ഇ) ടി മോഷണം സംബന്ധിച്ച അന്വേഷണം തൃപ്തികരമാണോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 3 എണ്ണം.

(ബി) ഒലവക്കോട് റെയ്ഞ്ച് പരിസരത്തുള്ള സ്ട്രോംഗ് റൂമിൽ നിന്ന് 2002-ൽ വനവിഭവങ്ങൾ മോഷണം പോയിട്ടുണ്ട്.

(സി) 35 കേസ്സുകളിൽപ്പെട്ട തൊണ്ടിസാധനങ്ങളും, 4 ആനകളുടെ സ്വാഭാവിക മരണത്തോടനുബന്ധിച്ച് കസ്റ്റഡിയിലെടുത്തിരുന്ന ആനക്കൊമ്പ്, തേറ്റ എന്നിവയും നഷ്ടപ്പെടുകയുണ്ടായി.

(ഡി) 29,29,190 രൂപ വിലവരും എന്നാണ് കണക്കാക്കിയിട്ടുള്ളത്.

(ഇ) ടി മോഷണം സംബന്ധിച്ച് പോലീസ് ക്രൈം ബ്രാഞ്ച് അന്വേഷണം നടത്തി വരുന്നുണ്ട്. ഇതേവരെ അന്വേഷണം പൂർത്തിയാക്കുകയോ, പ്രതികളെ അറസ്റ്റുചെയ്യുകയോ, തൊണ്ടി സാധനങ്ങൾ കണ്ടെടുക്കുകയോ ചെയ്തിട്ടില്ല.

ചന്ദനമരങ്ങളുടെ കവർച്ചയുമായി ബന്ധപ്പെട്ട കേസ്സുകളുടെ എണ്ണം

108 (1163) ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചന്ദനമരങ്ങളുടെ കവർച്ചയുമായി ബന്ധപ്പെട്ട എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവയിൽ എത്ര കേസ്സുകളിൽമേൽ വിചാരണ പൂർത്തീകരിച്ചിട്ടുണ്ട് ; ഇതിൻ പ്രകാരം ശിക്ഷിക്കപ്പെട്ട കേസ്സുകളുടെ എണ്ണമെത്ര എന്ന് അറിയിക്കാമോ ;

(സി) എത്ര കേസ്സുകളിൽ ചാർജ് ഷീറ്റുകൾ ഫയൽ ചെയ്യാൻ ഉണ്ടെന്നു വ്യക്തമാക്കാമോ ;

(ഡി) കേസ് അന്വേഷണത്തിലും വിചാരണയിലും അനാവശ്യമായ കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഇ) സർക്കാർഭാഗം നിരന്തരം പരാജയപ്പെടുന്ന കേസ്സുകളിൽ അന്വേഷണ ഉദ്യോഗസ്ഥരുടെയും സർക്കാർ അഭിഭാഷകരുടേയും ഭാഗത്തു നിന്നും വീഴ്ചയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) 698

(ബി) 5 കേസ്സുകളിൽ വിചാരണ പൂർത്തീകരിച്ചിട്ടുണ്ട്. 4 കേസ്സുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്.

(സി) 467 കേസ്സുകളിൽ ചാർജ്ഷീറ്റുകൾ ഫയൽ ചെയ്യുവാനുണ്ട്.

(ഡി) നടപടി സ്വീകരിക്കുന്നതാണ്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ചന്ദന ഫാക്ടറികൾ

109 (1164) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ചന്ദനഫാക്ടറികൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ചന്ദനക്കള്ളക്കടത്ത്, ചന്ദന ഫാക്ടറികൾ എന്നിവയുടെ മറവിൽ വൻതോതിലുള്ള അഴിമതി നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ചന്ദനമോഷണം, ചന്ദനം കള്ളക്കടത്ത് അനധികൃത ചന്ദന ഫാക്ടറികൾ എന്നിവയുമായി ബന്ധപ്പെട്ട് കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ഡി) ഈ കേസുകളിലെ പ്രതികളുടെ പേരു വിവരം വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1. സൗത്ത് ഇൻഡ്യൻ പെർഫ്യൂംസ്.

2. വീനസ് ഇൻഡസ്ട്രീസ്.

3. വുഡ്ലൈൻ എക്സ്പോർട്സ്.

LIBRARY ARCHIVES Kerala Legislative Assembly